**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5896** **09-07-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി നടപ്പിലാക്കിയ വരുമാനദായക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി വഴി നടപ്പിലാക്കിയ വരുമാനദായകമായ പദ്ധതികൾ ഏതൊക്കെയാണ്; ഓരോ പദ്ധതിയിലും നാളിതുവരെ ലഭിച്ച വരുമാനം ഇനം തിരിച്ച് ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതികൾക്കായി എടുത്ത വിവിധ വായ്പകളുടെ തിരിച്ചടവ് പദ്ധതികളിൽ നിന്ന് ലഭിച്ച വരുമാനം കൊണ്ട് പൂർണ്ണമായും അടയ്ക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ വായ്പാതിരിച്ചടവിന്റെയും വരുമാനത്തിന്റെയും വ്യത്യാസം എത്രയെന്ന് അറിയിക്കുമോ; | (എ) | കിഫ്ബി മുഖേന നടപ്പിലാക്കിവരുന്ന വരുമാനദായകമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം-1 ആയി നൽകുന്നു. കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളിൽ ഏകദേശം 25% പദ്ധതികളാണ് വരുമാനദായകമായിട്ടുള്ളത്. ശേഷിക്കുന്ന 75%-ത്തോളം പദ്ധതികൾ റോഡുകൾ, പാലങ്ങൾ, സ്കൂളുകൾ, റെയിൽവേ ഓവർ ബ്രിഡ്ജുകൾ, ജലവിതരണം തുടങ്ങി വിവിധ മേഖലയിലെ സാമൂഹിക പ്രാധാന്യമുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ്. ഒരോ പദ്ധതികളുടെ തിരിച്ചടവ് സംബന്ധിച്ച കാലയളവ്, പലിശ നിരക്ക്, മോറട്ടോറിയം എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ അതാത് പദ്ധതികളുടെ പ്രാധാന്യം, തിരിച്ചടവ് ശേഷി മറ്റ് വിശേഷഘടങ്ങളെ അടിസ്ഥാനമാക്കി തീരുമാനിക്കപ്പെടുന്നതാണ്. കിഫ്ബിയുടെ എല്ലാ ധനസമാഹരണങ്ങളും പദ്ധതി അടിസ്ഥാനമാക്കിയുള്ളവയല്ല. വിവിധ സ്രോതസ്സുകളിലൂടെ വിവിധ പലിശ നിരക്കിൽ വിവിധ തിരിച്ചടവ് കാലാവധിയിൽ ലഭ്യമാക്കുന്ന പണമാണ് പദ്ധതികളിലേക്കായി നൽകുന്നത്. ഇത്തരത്തിൽ ആഭ്യന്തര ധനവിപണിയിൽ നിന്നും സമാഹരിക്കുന്ന വിവിധ വായ്പകളുടെ ശരാശരി നിരക്കാണ് കിഫ്ബി വരുമാനദായകമായ പദ്ധതികളിൽനിന്ന് പരമാവധിയായി ഈടാക്കുക. ചില തിരിച്ചടവ് ശേഷി കുറഞ്ഞ ചില പദ്ധതികളിൽ ആ നിലക്ക് കുറഞ്ഞ പലിശ നിരക്കാണ് ഈടാക്കുന്നത്.<br><br>കിഫ്ബിയുടെ വായ്പകളുടെ തിരിച്ചടവ് പ്രധാനമായും കിഫ് ആക്റ്റ് പ്രകാരം ലഭിച്ചുവരുന്ന ആന്വിറ്റിയെ ആശ്രയിച്ചാണ്. നാളിതുവരെ 1367.27 കോടി രൂപ പദ്ധതികളിൽ നിന്നുള്ള വരുമാനമായി ലഭിച്ചിട്ടുണ്ട്. കൂടുതൽ പദ്ധതികൾ മോറട്ടോറിയം കാലാവധി |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കി തിരിച്ചടവ് തുടങ്ങുന്ന മുറക്ക് ഈ ഇനത്തിലുള്ള വരുമാനവും കൂട്ടുന്നതാണ്. |
| (ബി) | കിഫ്ബിയുടെ ആസ്തിയുടെ ഗ്രാഫ് ബാധ്യതയുടെ ഗ്രാഫിനേക്കാൾ ഉയർന്നാണോ നിൽക്കുന്നത്; ഇല്ലെങ്കിൽ വ്യത്യാസമെത്രയാണ്; നിയമത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ആന്വിറ്റി സർക്കാർ കൃത്യമായി കിഫ്ബിക്ക് നൽകുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) | കിഫ്ബിയുടെ ആസ്തിയുടെ ഗ്രാഫ് ബാധ്യതയുടെ ഗ്രാഫിനേക്കാൾ ഉയർന്നാണ് നിൽക്കുന്നത്. 31.03.2024 ലെ കണക്കുകൾ പ്രകാരം കിഫ്ബിയുടെ ആസ്തിയും ബാധ്യതയും തമ്മിലുള്ള വ്യത്യാസം കോർപ്പസ് ഫണ്ടായ 3327 കോടി രൂപയാണ്. കിഫ്ബിയുടെ അസറ്റ്-ലയബിലിറ്റി മാനേജ്മെന്റ് സംവിധനം നൽകുന്ന വിവരങ്ങളുടെ അടിസ്ഥനത്തിൽ തയ്യാറാക്കിയ അടുത്ത 10 വർഷ കാലയളവിലെ കിഫ്ബിയുടെ വരവുകളും ചെലവുകളും ഡെറ്റ് സർവീസ് കവറേജ് റേഷ്യോയും പ്രൊജക്റ്റ് ചെയുന്ന ചാർട്ട് അനുബന്ധം-2 ആയി നൽകുന്നു.<br><br>നിയമത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ആന്വിറ്റി സർക്കാർ കൃത്യമായി കിഫ്ബിക്ക് നൽകിവരുന്നുണ്ട്. കിഫ് ആക്ട് പ്രകാരം മോട്ടോർ വെഹിക്കിൾ നികുതിയുടെ 50% വരെയും പെട്രോളിയം സെസ്സും കിഫ്ബിയ്ക്ക് നൽകേണ്ടതാണ്. ഇത് കുറവുകളൊന്നും കൂടാതെ കിഫ്ബിയ്ക്ക് കൈമാറിയിട്ടുണ്ട്. 2016 മുതൽ 30.06.2024 വരെ ഈ ഇനത്തിൽ കിഫ്ബിയ്ക്ക് നൽകിയ തുകകളുടെ വിവരം അനുബന്ധം-3 ആയി നൽകുന്നു. |

സെക്ഷൻ ഓഫീസർ

5896

3

അനുബന്ധം-1

**കിഫ്ബി മുഖേന നടപ്പിലാക്കിവരുന്ന വരുമാനദായകമായ പദ്ധതികളുടെ വിവരങ്ങൾ**


| Project Name & Code | Repayment received till date (in Cr) |
|---|---|
| IND006-01 : Life Sciences Park | 84.02 |
| ITD001-03 : First Building at Technocity | 97.06 |
| ITD001-02 : Kochi Innovation Zone | |
| POW002-00 : Transgrid | 293.08 |
| CAD002-00 : Film Theater complex | |
| IND001-01 :Industrial park at Kannur & Palakkad | 153.35 |
| IND002-01 : Petrochemical Park, Kochi | 540.22 |
| ITD002-01 : Kerala Fibre Optic Network | |
| IND007-01 : HNL | |
| LSG007-01 : Nilaav project | |
| IND003-01 : Kochi Bangalore Industrial Corridor | 199.54 |
| LSG006-00 : Modernization of selected markets | |
| LSG003-00 : Construction of Abattoirs | |
| CAD003-01 : Modernization of Chitranjali Studio into Film City | |
| IND003-02 : GIFT City | |
| TSM001-08 : 3 Star Beach Resort at Muzhupilangad | |
| TRA008-01 : Procurement of buses | |
| TOTAL | 1367.27 |

ACCOUNTS OFFICER

5896

അനുബന്ധം - 2

# Debt Sustainability Chart




ACCOUNTS OFFICER

5896

അനുബന്ധം- 3

# Share Of MVT And Cess/ Received By Kiifb From Government Of Kerala

| Particulars | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|---|---|---|
| MVT | 281.43 | 621.45 | 1,098.86 | 1,650.00 | 1,633.86 | 1,568.08 | 2,203.76 | 2636.25 |
| CESS ON PETROLEUM | 448.10 | 421.19 | 501.82 | 550.00 | 539.00 | 499.99 | 265.93 | 594.00 |
| Additional Contribution from Government of Kerala | - | - | - | - | - | 322.07 | - | - |
| TOTAL | 729.53 | 1,042.64 | 1,600.68 | 2,200.00 | 2,172.86 | 2,390.14 | 2,469.69 | 3230.25 |

| Particulars | 2024-25* | Budged for 24-25 | TOTAL Received |
|---|---|---|---|
| MVT | 850.91 | 2600.00 | **12544.60** |
| CESS ON PETROLEUM | 173.45 | 530.00 | **3993.48** |
| Additional Contribution from Government of Kerala | - | | **322.07** |
| TOTAL | 1024.36 | 3130 | **16,860.15** |

**All amount in INR Crore.**

**Details are as on 30.06.2024**

ACCOUNTS OFFICER